**<u>തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)</u>**
**<u>ജില്ലാ കാര്യാലയം, ആലപ്പുഴ</u>**
<u>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്</u>
*(ഹാജർ : ശ്രീമതി. ഇന്ദു വിജയനാഥ്)*

വിഷയം – തദ്ദശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ആലപ്പുഴ – മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് – പാതിരാപ്പള്ളി വില്ലേജ് – **സെമിത്തേരി** നിർമ്മാണം – **ലേ-ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട്** എന്നിവയുടെ അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം – 1. മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/08/2020-ലെ എ 4-13276/19 നമ്പർ കത്ത്.
2. മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/11/2020-ലെ എ 4-13276/19 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ TCPALP/ 1364 /2020-C/കെ.ഡിസ് തീയതി :10/12/2020</u>**

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ പാതിരാപ്പള്ളി വില്ലേജിൽ റീ-സർവ്വേ നമ്പർ 658/4-1, 658/5 -ൽപ്പെട്ട 658 ച.മി. വിസ്തീർണ്ണമുള്ള വസ്തുവിൽ ആകെ 58.37 ചതുരശ്ര മീറ്റർ വിസ്തീർണ്ണവും, എഫ്.എസ്.ഐ. 0.08, കവറേജ് 8.87 ശതമാനവുമുള്ള അപായ സാധ്യത വിനിയോഗ ഗണം **(I)**ൽപ്പെടുന്ന സെമിത്തേരി നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ഫാദർ. ഷൈജു അഗസ്റ്റിൻ , സെന്റ് ആന്റണീസ് ചർച്ച്, പാതിരാപ്പള്ളിയുടെ** അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ.-2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി **ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും (യൂസേജ് ഓഫ് പ്ലോട്ട്)** അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമ്മാണാവകാശം, സർവ്വേ നമ്പരുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
2. യൂസേജ് ഓഫ് പ്ലോട്ട് /ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. 2008-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. പ്രസ്തുത സ്ഥലത്ത് അംഗീകൃത കെട്ടിടനിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.

6. സൈറ്റ് പ്ലാനിൽ പൊളിച്ചുനീക്കുവാനെന്ന് കാണിച്ചിരിയ്ക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
7. കെ.പി.ബി.ആർ ചട്ടം 5(4) പ്രകാരം ജില്ലാ കളക്ടർ, ഫയർ ഫോഴ്സ് ഡയറക്ടർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവടങ്ങളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമായിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
8. KPBR 2019 ചട്ടം 22(4)പ്രകാരം സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
9. KPBR 2019 ചട്ടം 34(3)(2) പ്രകാരം ആവശ്യമായ ശുചീകരണസൗകര്യങ്ങൾ നൽകിയിരിക്കണം.
10. പ്രസ്തുത നിർമ്മാണം KPBR 2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

**<u>അംഗീകരിച്ച ലേ-ഔട്ട് നമ്പർ – എൽ.എ 20/2020</u>**

Signature Not Verified
Digitally signed by INDU VIJAYANATH
Date: 2020.12.10 15:34:32 IST
Reason: Approved

**ഇന്ദു വിജയനാഥ്**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സ്വീകർത്താവ് :

**സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്** ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ് -

1. ഫാദർ. ഷൈജു അഗസ്റ്റിൻ, സെന്റ് ആന്റണീസ് ചർച്ച്, പാതിരാപ്പള്ളി
2. ഓഫീസ് കോപ്പി
3. കരുതൽ ഫയൽ